"ഭരണഭാഷ - മാതൃഭാഷ"

നം.ഒ&എം(1)/48709/2018/ഡിജിഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 08/02/2020

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസം - ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം - ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററുകൾ - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:-
1. ഗവൺമെന്റ് ഉത്തരവ് (കൈ) നമ്പർ 108/18/പൊ.വി.വ. തീയതി 18.01.2018
2. ഗവൺമെന്റ് ഉത്തരവ് (കൈ) നം.77/19/പൊ.വി.വ തീയതി: 06.05.2019

********

സംസ്ഥാനത്തെ എല്ലാ സർക്കാർ, അർദ്ധ സർക്കാർ, സ്വയംഭരണ, ഗ്രാന്റ് ഇൻ എയിഡഡ് സ്ഥാപനങ്ങളിൽ ഹാജർ കൃത്യനിഷ്ഠ ഉറപ്പാക്കുന്നതിനായി സ്പാർക്ക് ബന്ധിത ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് സൂചനകൾ പ്രകാരം ഉത്തരവായിരുന്നു. ഇതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിനുമുള്ള നടപടികൾ കെൽട്രോണുമായി ചേർന്ന് സ്വീകരിച്ചുവരുകയാണ്.

എൻ.സി.ടി.ഇ. അഫിലിയേറ്റ് ചെയ്തിട്ടുള്ള ടീച്ചർ എഡ്യൂക്കേഷണൽ സ്ഥാപനങ്ങളിലും റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും ബയോമെട്രിക് അറ്റൻഡൻസ് സമ്പ്രദായം അടിയന്തിരമായി നടപ്പിലാക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ റ്റി.റ്റി.ഐ., സ്പെഷ്യൽ റ്റി.റ്റി.ഐ., ഡയറ്റ് സ്പെഷ്യൽ സ്കൂൾ തുടങ്ങി എൻ.സി.റ്റി.ഇ, ആർ.സി.ഐ. അഫിലിയേഷനോടെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ആധാർ അധിഷ്ഠിത ബയോ മെട്രിക് പഞ്ചിംഗ് (AEBAS) അടിയന്തിരമായി നടപ്പിലാക്കുവാൻ നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ തുക അതാത് സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ ചെലവഴിക്കാവുന്നതാണ്.

ഉപകരണങ്ങൾ വാങ്ങുന്നതും ഇൻസ്റ്റാൾ ചെയ്യുന്നതും സംബന്ധിച്ച ഗവൺമെന്റ് ഉത്തരവുകൾ പാലിക്കണമെന്ന് ഓരോ സ്ഥാപന മേധാവിയും ഉറപ്പുവരുത്തേണ്ടതാണ്.

ആശാദേവി വി.എസ്.
പെൻ നമ്പർ 101454
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

അയച്ചത്

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ഡയറ്റ് പ്രിൻസിപ്പൾമാർക്കും

പകർപ്പ്

1) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ റ്റി.റ്റി.ഐ. പ്രിൻസിപ്പാൾമാർക്കും
4) എല്ലാ സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പാൾമാർക്കും
5) സൂപ്രണ്ട് എം സെക്ഷൻ
6) കരുതൽ ഫയൽ

പുറപ്പെടുവിച്ചത് നമ്പർ A2/1142/2020/ADM Dt /02/2020

എസ്.എസ്.

[illegible]

24/2/2020
ജില്ലാ വിദ്യാഭ്യാസ ഓഫീസർ

24/2/2020
24/2
24/2